**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3537** **20.06.2018-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് തീർപ്പാക്കുന്നതിൽ കാലതാമസം**

**ചോദ്യം**
**ശ്രീ.കെ.വി.വിജയദാസ്**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2018 മേയ് 30 വരെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ എത്ര അപേക്ഷകൾ ആരോഗ്യവകുപ്പിൽ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ; | (എ) | കൃത്യമായ കണക്ക് ലഭ്യമല്ല. |
| (ബി)<br><br><br><br>(സി) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;<br><br>ഈ സ്ഥിതി പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ തീർപ്പാക്കുന്നതിൽ കാലതാമസം വിശദവിവരം നൽകുമോ; | (ബി) & (സി) | മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച്, അനുവദനീയമായ തുക തിട്ടപ്പെടുത്തുന്നതിന്, അപേക്ഷകളുടെ ബാഹുല്യം മൂലം ഉണ്ടാകുന്ന കാലതാമസമാണ് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന് കാരണം. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 06.10.2017 ലെ ജി.ഒ.(എം.എസ്) നമ്പർ 145/2017/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ 50,000/- രൂപവരെയുള്ളവ ജില്ലാതല മേധാവികൾക്കും 50,000/-രൂപ മുതൽ 2,00,000/-രൂപ വരെയുള്ളവ ജില്ലാമെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കു ശേഷം ജില്ലാതല മേധാവികൾക്കും 2,00,000/- ത്തിനുമുകളിൽ ഉള്ളവ ആരോഗ്യ വകുപ്പ് ഡയറക്ടർ/ഭാരതീയചികിത്സാവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം വകുപ്പ് തലവൻമാർക്കും തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ Authorized Medical Attendant-ന്റെ ശുപാർശ ഇല്ലാതെ തന്നെ സ്വകാര്യ ആശുപത്രികളിൽ നടത്തിയ, അടിയന്തിര ചികിത്സ ആവശ്യമായ ചില രോഗങ്ങളുടെ, ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇബേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യവകുപ്പിന്റെ പ്രത്യേകാനുമതി ഇല്ലാതെ തന്നെ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തീർപ്പാക്കാൻ 15.12.2017 ലെ സ.ഉ(കൈ) 184/17/ആകുവ ഉത്തരവ് പ്രകാരം ഭരണ വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ